രാഷ്ട്രീയ നേതാക്കളുടെ പ്രസംഗങ്ങളിൽ തീപ്പൊരി പാറാൻ കാരണമായിട്ടില്ല.

ഭോപ്പാൽ സംഭവംകൊണ്ടും ഇന്ത്യയിലെ സർക്കാരുകളുടെയും രാഷ്ട്രീയക്കാരുടെയും കണ്ണു തുറക്കുമെന്നു കരുതിക്കൂടാ. പക്ഷേ, വ്യാവസായികമലിനീകരണത്തിന്റെ ഭീകരഫലങ്ങളിലേക്കു സാധാരണ പൗരന്മാരുടെ ശ്രദ്ധ തിരിച്ചുവിടാനെങ്കിലും എണ്ണായിരം ആളുകളുടെ ഈ ജീവാഹുതി ഉപകരിച്ചെങ്കിൽ!

(16 ഡിസംബർ, 1984)

# 33. 1984

സ്വാതന്ത്ര്യഭാരതത്തിന്റെ ചരിത്രത്തിൽ ഏററവും ഇരുണ്ട ഒരു വർഷമായിരുന്നു 1984. പതിനെട്ട് ആണ്ടുകളോളം ഇന്ത്യയുടെ ദേശീയ ചക്രവാളത്തിൽ നിറകതിർ ചൊരിഞ്ഞു നിറഞ്ഞുനില്ക്കുകയും, നീതിനിഷ്ഠമായ ഒരു നവവ്യവസ്ഥിതിക്കുവേണ്ടി വെമ്പൽകൊള്ളുന്ന ദരിദ്രരാഷ്ട്രങ്ങളുടെ മുഴുവൻ ആശാജ്വാലയായി ക്രമേണ പരിണമിക്കുകയുംചെയ്ത ഇന്ദിരാഗാന്ധി രണ്ടു വിശ്വാസവഞ്ചകരുടെ വെടിയുണ്ടകളേററ് ഉടൽ വെടിഞ്ഞു എന്നതു മാത്രമല്ല ഈ വർഷത്തെ ഇരുൾ മൂടിയതാക്കിത്തീർക്കുന്നത്. മഹാത്മാഗാന്ധിയുടെ വധത്തിനുശേഷം ഇന്ത്യയുടെ ആത്മാവിനേററ ഏററവും കടുത്ത ആഘാതമായ ഇന്ദിരാവധം തികച്ചും ആകസ്മികമായ ഒരു സംഭവമായിരുന്നില്ല. ജാതിവാദത്തിന്റെയും മതവാദത്തിന്റെയും പ്രാദേശികവാദത്തിന്റെയും വിഘടനവാദത്തിന്റെയും ദുഷ്ടശക്തികൾ കുറെക്കാലമായി ഇന്നാട്ടിൽ കരുത്ത് ആർജിച്ചുവരികയായിരുന്നു. മിശ്രസമ്പദ്‌വ്യവസ്ഥയെന്ന പേരിൽ സ്വാതന്ത്ര്യഭാരതം വളർത്തിക്കൊണ്ടുവന്ന സംരക്ഷിതമുതലാളിത്തവ്യവസ്ഥയുടെ ഫലം സമ്പന്നർ കൂടുതൽ സമ്പന്നരും ദരിദ്രർ കൂടുതൽ ദരിദ്രരുമാവുകയെന്നതായിരുന്നു. എന്തു ചെയ്തും പണക്കാരാവുന്നതിനുള്ള അടക്കാനാവാത്ത തൃഷ്ണ അഭ്യസ്തവിദ്യർക്കിടയിൽ വ്യാപകമായിത്തീരുകയും, അഴിമതിയെന്ന അർബുദരോഗം രാഷ്ട്രശരീരത്തിന്റെ പ്രധാനപ്പെട്ട എല്ലാ അവയവങ്ങളിലും ആഴത്തിൽ വേരോടുകയും ചെയ്തുകഴിഞ്ഞിരുന്നു. ഏററവും കൂടുതൽ അഴുകി നാറിയിരുന്നത് രാഷ്ട്രീയകക്ഷികൾ ആയിരുന്നു. കെട്ടുറപ്പോ സംഘടനയോ ഗ്രാമതല പ്രവർത്തകരോ ഒന്നും ഇല്ലാതെ, നേതാവായ ഇന്ദിരാഗാന്ധിയുടെ വ്യക്തിപ്രഭാവത്തെമാത്രം ആശ്രയിച്ചാണ് ഭരണകക്ഷി നിലനിന്നിരുന്നതെങ്കിൽ തുണ്ടുതുണ്ടുകളായി ചിതറിപ്പോയ പ്രതിപക്ഷകക്ഷികൾക്ക് വ്യക്തിപ്രഭാവമുള്ള നേതാക്കളുടെ പേരുപോലും പറയാനില്ലായിരുന്നു. സർക്കാരുദ്യോഗസ്ഥന്മാർക്കും രാഷ്ട്രീയ പ്രവർത്തകർക്കും നീതിബോധവും ലക്ഷ്യബോധവും നഷ്ടപ്പെട്ടതിന്റെ ഫലമായി പണക്കാർക്കും റൗഡികൾക്കും എന്തും ചെയ്യുന്നതിനുള്ള സ്വാതന്ത്ര്യം കൈവന്നിരുന്നു. ഇന്ത്യയിൽ പൊതുസമ്പദ്‌വ്യവസ്ഥയെക്കാളേറെ ശക്തമായിക്കഴിഞ്ഞിരുന്നു കള്ളപ്പണവ്യവസ്ഥ. ജനങ്ങൾക്കിടയിൽ അരക്ഷിതത്വബോധവും ഒപ്പം കഠിനമായ ക്ഷോഭവും പടർന്നുപിടിച്ചിരുന്നു. അക്രമത്തിന്റെ തീ എങ്ങും ആളിപ്പടരുവാൻ പ്രകോപനത്തിന്റെ ഒരു പൊരി വീണാൽ മതിയെന്ന നിലയായിരുന്നു എവിടെയും.

നുഴഞ്ഞു കയറിയ വിദേശികളെ തിരിച്ചയയ്ക്കുകയോ, അവരുടെ വോ

ട്ടവകാശം എടുത്തു കളയുകയെങ്കിലുമോ, വേണമെന്ന അസംസംസ്ഥാനക്കാരുടെ ന്യായമായ ആവശ്യം അടിച്ചമർത്തപ്പെട്ടിരിക്കുകയായിരുന്നു. ജനഹിതം പ്രതിഫലിപ്പിച്ചതെന്ന് ഒരു വിധത്തിലും പറഞ്ഞുകൂടാത്ത ഒരു തെരഞ്ഞെടുപ്പിലൂടെ അധികാരത്തിൽവന്ന സംസ്ഥാനഗവണ്മെൻറിനോട് ഏറെക്കുറെ പൂർണമായ നിസ്സഹകരണം അനുഷ്ഠിച്ചുവരികയായിരുന്നു അസംസംസ്ഥാനത്തിലെ രാഷ്ട്രീയോദ്ബുദ്ധത നേടിയ ജനവിഭാഗം. ഇന്ത്യയുടെ ദേശീയ മുഖ്യപ്രവാഹത്തിൽ പൂർണമായും ലയിച്ചിട്ടുള്ള അസമിലെ സ്ഥിതി ഇതായിരുന്നുവെങ്കിൽ, ആ സംസ്ഥാനത്തോടു ചേർന്നുള്ള അതിർത്തി പ്രദേശങ്ങളിലെ ദേശീയോദ്ഗ്രഥനം നേടിക്കഴിയാത്ത ഗോത്രവർഗങ്ങളിലധികവും കലാപത്തിൻെറ കൊടി ഉയർത്തിയിട്ട് വർഷങ്ങളായിരുന്നു. സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും സൈനികരുടെയും ജീവൻ അവിടങ്ങളിൽ എപ്പോഴും അപകടത്തിലായിരുന്നു.

ഇതായിരുന്നു വടക്കു കിഴക്കെ അതിർത്തിയിലെ സ്ഥിതിയെങ്കിൽ, വടക്കു പടിഞ്ഞാറെ അതിർത്തിയിലുള്ള പഞ്ചാബിലെ സ്ഥിതി തുറന്ന സംഘട്ടനത്തോളം എത്തിയിട്ട് എത്രയോ മാസങ്ങളായിരുന്നു. സിഖുകാർ ഇന്ത്യയിൽനിന്നു വിട്ട് ഒരു സ്വതന്ത്രരാഷ്ട്രം സ്ഥാപിക്കണമെന്നു വാദിക്കുന്നവരുടെ ആയുധപ്പുരയായി മാറിയ സുവർണക്ഷേത്രത്തെ വിമോചിപ്പിക്കുന്നതിനു മനമില്ലാമനസ്സോടെ കൈക്കൊണ്ട പട്ടാള നടപടി ഭൂരിഭാഗം സിഖുകാരുടെയും ഹൃദയങ്ങളിൽ അമർഷത്തിൻെറ കെടാത്ത തീജ്ജ്വാലകൾ കൊളുത്തിവിട്ടു. ഈ തീജ്ജ്വാലകളാണ്, നീണ്ടുനിന്ന ഗൂഢാലോചനകൾക്കുശേഷം, നീചമായ വിശ്വാസഘാതത്തിലൂടെ ഇന്ദിരാഗാന്ധിയുടെ വിലയേറിയ ജീവിതത്തിനു വിരാമമിട്ടത്. സുവർണക്ഷേത്രത്തിൽ പട്ടാളക്കാരെ കടത്തിയ കുറ്റത്തിന് ഇന്ദിരാഗാന്ധിയുടെ ജീവനെന്ന പിഴ വാങ്ങിക്കഴിഞ്ഞിട്ടും സിഖ്‌വിഘടനവാദം തൃപ്തിയടഞ്ഞതായി തോന്നുന്നില്ല. ഇന്ദിരാഗാന്ധിയോടു ചേർന്നുനിന്ന രാഷ്ട്രപതിയുടെയും, ഇന്ദിരാഗാന്ധിയെത്തുടർന്ന് ഇന്ത്യയുടെ പ്രധാനമന്ത്രിയായിത്തീർന്ന രാജീവഗാന്ധിയുടെയും സുവർണക്ഷേത്രത്തിലെ സൈനിക നടപടികളിൽ സഹകരിച്ച സൈനികോദ്യോഗസ്ഥരുടെയും സുരക്ഷയ്ക്കു പര്യാപ്തമായ ഏർപ്പാടുകൾ ഏറെക്കാലത്തോളം കൈക്കൊള്ളേണ്ട ബാദ്ധ്യത ഇന്ത്യാഗവണ്മെൻറിനുണ്ട്.

ഇന്ദിരാഗാന്ധിയുടെ ഹത്യയെത്തുടർന്ന് ദില്ലിയിലും മറ്റു ചില പ്രദേശങ്ങളിലും ആളിപ്പടർന്ന സാമുദായികകലാപങ്ങൾ കാണിച്ചത്, മതത്തിൻെറ പേരിൽ ചാകാനും കൊല്ലാനും, ഏതുതരം ഹീനകൃത്യങ്ങൾ ചെയ്യാനും, ഭാരതീയജനതയിലെ വലിയ ഒരു വിഭാഗം ഇന്നും തയ്യാറാണെന്ന ദയനീയമായ പരമാർത്ഥമാണ്. അന്ന് മഹാത്മാഗാന്ധിയുടെയും, ഇന്ന് ഇന്ദിരാഗാന്ധിയുടെയും ഹൃദയരക്തംകൊണ്ടും ഇന്ത്യയുടെ മതഭ്രാന്തിൻെറ രാക്ഷസീയദാഹം കെട്ടടങ്ങിയിട്ടില്ല! ഇന്ത്യയെസ്സംബന്ധിച്ചിടത്തോളം 1984 മതകലഹങ്ങളുടെ ഒരു വർഷംകൂടിയായിരുന്നു. മതവികാരങ്ങൾ ഇളക്കിവിട്ട്, കലാപമുണ്ടാക്കി, കൊള്ളയടിക്കുകയെന്ന ലക്ഷ്യം ഇന്ദിരാഗാന്ധിയുടെ വധത്തിനുശേഷം ദില്ലിയിലും കാൺപൂരിലുമെന്നപോലെ, അതിന് എത്രയോമുമ്പ് ബോംബേയിലും ഹൈദരാബാദിലും റൗഡികൾ നേടിയെടുക്കുകയുണ്ടായി. സമൂഹവിരുദ്ധമായ അധോലോകം നമ്മുടെ പൊതുജീവിതത്തെ എങ്ങനെ കൈയടക്കിക്കഴിഞ്ഞിരിക്കുന്നു എന്ന് ഈ മതകലാപങ്ങൾ വ്യക്തമാക്കി.

ജനാധിപത്യമെന്ന ഭരണരീതിയാണ് സ്വതന്ത്രഭാരതം ബോധപൂർവം തെരഞ്ഞെടുത്തിട്ടുള്ളത്. ചില മര്യാദകൾ വിട്ടുവീഴ്ച കൂടാതെ പുലർത്താത്തപക്ഷം, ഏകാധിപത്യമോ, സൈനികാധിപത്യമോ, ആൾക്കൂട്ടാധിപത്യമോ ഒക്കെയായി ജനാധിപത്യം രൂപം മാറാൻ വലിയ താ

മനസുണ്ടാവില്ല. ഭരണകക്ഷികളും എതിർകക്ഷികളും തമ്മിൽ നിയമസഭകൾക്കകത്തും പുറത്തും പെരുമാറുന്നത് ചില തത്ത്വങ്ങളെ അടിസ്ഥാനമാക്കിയായിരിക്കണം. നിയമസഭ രൂപംകൊടുത്ത അടിസ്ഥാനനയങ്ങൾ നടപ്പിൽ വരുത്തുവാൻ ഭരണകക്ഷിക്കെന്നപോലെ എതിർകക്ഷികൾക്കും ബാധ്യതയുണ്ട്. ഈ നയങ്ങൾ നടപ്പിൽ വരുത്തുന്നതിൽ വന്നുചേരുന്ന പാകപ്പിഴകൾ തുറന്നുകാട്ടുകയാണ് ജനാധിപത്യത്തിൽ എതിർകക്ഷികളുടെ മുഖ്യകർത്തവ്യം. സ്ഥിരമായ ഏറ്റുമുട്ടൽ (കൺഫ്രണ്ടേഷൻ) അല്ല, വിപുലമായ മേഖലകളിൽ ആത്മാർത്ഥമായ സഹകരണമാണ്, ഭരണകക്ഷികളും എതിർകക്ഷികളും തമ്മിൽ നിലവിലിരിക്കേണ്ട ബന്ധം. പ്രകടമായ ഈ വസ്തുത, പക്ഷേ ഇന്ത്യയിലെ ഭരണകക്ഷികളും എതിർകക്ഷികളും തികച്ചും മറന്നിരിക്കയാണ്. കർണാടകം, കാശ്മീർ, ആന്ധ്രപ്രദേശം എന്നീ സംസ്ഥാനങ്ങളിൽ ഭരിക്കുന്ന കക്ഷികളെ സ്ഥാനഭ്രഷ്ടങ്ങളാക്കുവാൻ കേന്ദ്രഭരണകക്ഷി കൈക്കൊണ്ട ഹീനകൃത്യങ്ങൾ കഴിഞ്ഞ ആണ്ടിൽ ഇന്ത്യയുടെ രാഷ്ട്രീയാന്തരീക്ഷത്തെ കുറച്ചൊന്നുമല്ല മലിനീകരിച്ചത്. കർണാടകത്തിലെ ഭരണകക്ഷിയിലെ എം. എൽ. എ. മാരെ വിലയ്ക്കു വാങ്ങുവാൻ കോൺഗ്രസ് നേതാക്കൾ ശ്രമിച്ചുവെന്ന ആരോപണം നിലനില്ക്കുന്നു. 'മൊയ്‌ലി' ടേയ്പ്പുകൾ ഇന്നും മിണ്ടാതായിട്ടില്ല! കാശ്മീരിൽ, ഭരണകക്ഷിയിൽനിന്നു വിഘടിച്ചുപോന്ന ഏതാനും അതൃപ്തർക്ക് പിന്തുണ നല്കി കോൺഗ്രസ് തല്ക്കാലത്തേക്കു ജയിച്ചു നില്ക്കുകയാണ്. ഈ താല്ക്കാലിക ജയം ദീർഘകാല പരാജയമാകുന്നപക്ഷം—അങ്ങനെയാകാനാണ് സാധ്യത—അതിന്റെ ദുഷ്ഫലമനുഭവിക്കുക കോൺഗ്രസ് പാർട്ടിയാവില്ല, രാഷ്ട്രം മുഴുവനുമായിരിക്കും. ആന്ധ്രപ്രദേശിൽ മുഖ്യമന്ത്രി രാമറാവുവിനെ സ്ഥാനഭ്രഷ്ടനാക്കിയതിന് കേന്ദ്രസർക്കാർ കയ്പേറിയ പ്രായശ്ചിത്തമനുഷ്ഠിക്കേണ്ടിവന്നു. ഈ കാര്യത്തിൽ കേന്ദ്രഗവണ്മെൻറിനു നേരിട്ട മാനക്ഷയം, ജനാധിപത്യത്തിന്റെ ഭാവിയെക്കുറിച്ച് ശുഭപ്രതീക്ഷ 1984–ൽ ഉണർത്തിയ ഇന്ത്യയിലെ ഏക സംഭവമായിരുന്നു.

രാഷ്ട്രീയമായി കലാപമുഖരിതമായിരുന്ന 1984_ൽ വിനാശകരങ്ങളായ പ്രകൃതിക്ഷോഭങ്ങളെയും ഇന്ത്യക്കു നേരിടേണ്ടിവന്നു. വെള്ളപ്പൊക്കം പല സംസ്ഥാനങ്ങളിലും വസ്തുവകകൾക്കും ജീവനും വലിയ തോതിൽ നാശം വരുത്തിവെച്ചു. ചില പ്രദേശങ്ങളിൽ വരൾച്ചയായിരുന്നു പ്രശ്നം. എന്നാൽ, മനുഷ്യനിർമിതങ്ങളായ അത്യാഹിതങ്ങൾക്കുമുമ്പിൽ പ്രകൃതിയുടെ ക്രൗര്യം വളരെവേഗം വിസ്മരിക്കപ്പെട്ടു. ഭോപ്പാലിൽ യൂനിയൻ കാർബൈഡ് കമ്പനിയിലെ ടാങ്കിൽനിന്ന് 'മെഥിൽ ഐസോ സയനൈററ്' എന്ന വിഷവാതകം ചോർന്നതിന്റെ ഫലമായി എണ്ണായിരത്തോളം ആളുകൾക്കു ജീവാപായം നേരിട്ടു. അന്ധതയും മററു ശാരീരികവൈകല്യങ്ങളും രോഗങ്ങളും ബാധിച്ചവരുടെ എണ്ണം ഇനിയും അറിവായിട്ടില്ല; ഒരിക്കലും അറിയപ്പെട്ടുകകയുമില്ല. താരതമ്യേന വലിയ ഒരു യുദ്ധത്തിൽ ഉണ്ടായേക്കാവുന്ന ജീവഹാനിക്കു തുല്യമാണ്, പര്യാപ്തങ്ങളായ കരുതൽനടപടികൾ ഒരു കെമിക്കൽക്കമ്പനി കൈക്കൊള്ളാതിരുന്നതിന്റെ ഫലമായി, ഭോപ്പാലിൽ ഉണ്ടായ ജീവഹാനി, ത്വരിതമായ വ്യവസായവത്ക്കരണത്തിനു വെമ്പുന്ന ഇന്ത്യയുടെ മുമ്പിൽ വളരെ വൈകി ഉയർത്തപ്പെട്ട ഒരു താക്കീതാണ് ഭോപ്പാൽ. ആ താക്കീതു ശ്രദ്ധിക്കപ്പെടുമോ? ആവോ!

അയൽപക്കങ്ങളുമായുള്ള ഇന്ത്യയുടെ ബന്ധങ്ങൾ 1984–ൽ മെച്ചപ്പെടുകയുണ്ടായില്ല. വിഘടനവാദികളായ സിഖ് ഭീകരർക്കു പരിശീലനവും ആയുധസഹായവും പാകിസ്ഥാൻ നൽകിവരികയാണെന്നു ന്യായമായ ആക്ഷേപമുണ്ട്.

വൻതോതിൽ അമേരിക്കയിൽനിന്നു് പാകിസ്ഥാൻ ആയുധങ്ങൾ വാങ്ങിക്കൂട്ടിക്കൊണ്ടിരിക്കുന്നു. ഈ ആയുധങ്ങളുടെ കൂട്ടത്തിൽ, വളരെ ദൂരം സഞ്ചരിക്കാൻ കഴിയുന്ന ബോംബർവിമാനങ്ങളും മുങ്ങിക്കപ്പലുകളും മിസ്സൈലുകളും എല്ലാം ഉണ്ടു്. ആറ്റംബോംബ് നിർമിക്കുന്നതിന്റെ ആദ്യത്തെ പടവുകളെങ്കിലും പാകിസ്ഥാൻ കയറിക്കഴിഞ്ഞിരിക്കുന്നു. ആ രാഷ്ട്രത്തിന്റെമേൽ സൈനിക—ഏകാധിപതി ജനറൽ സിയാ പിടി മുറുക്കിക്കൊണ്ടു വരികയുമാണു്. പ്രക്ഷുബ്ധമായ പഞ്ചാബിൽ കുഴപ്പങ്ങൾ കത്തിപ്പൊന്തിച്ചു് പാകിസ്ഥാൻ, ബംഗ്ലാദേശിൽ നേരിട്ട പരാജയത്തിനു് ഇന്ത്യയോടു പകവീട്ടിക്കൂടെന്നില്ല

ബംഗ്ലാദേശുമായും ഇന്ത്യയുടെ ബന്ധം തൃപ്തികരമല്ല. നുഴഞ്ഞുകയറ്റം തടയുന്നതിനായി അസമിന്റെ അതിർത്തിയിൽ നെടുകെ മുൾക്കമ്പിവേലി കെട്ടാൻ ഇന്ത്യ നടത്തിയ ശ്രമത്തെ ബംഗ്ലാദേശ് ശക്തിയായി എതിർക്കുകയുണ്ടായി. ബംഗ്ലാദേശുമായി ഉള്ളതിനേക്കാൾ വഷളാണു് സിലോണുമായുള്ള ഇന്ത്യയുടെ ബന്ധം. സിലോണിലെ ഇന്ത്യൻവംശജർക്കും, രാമേശ്വരത്തിനടുത്തു് ഇന്ത്യയുടെ സമുദ്രാതിർത്തിക്കുള്ളു മത്സ്യം പിടിക്കുന്ന ഇന്ത്യൻ മുക്കുവർക്കും എതിരെ സിലോൺ ഗവണ്മെന്റ് കൈക്കൊള്ളുന്ന ഹിംസാനടപടികൾ ഇന്ത്യയിലൊട്ടാകെ വ്യാപകമായ ആശങ്കയ്ക്കു കാരണമായിട്ടുണ്ടു്.

അപ്രതീക്ഷിതവും ദാരുണവുമായ സാഹചര്യങ്ങളിൽ ഇന്ത്യയുടെ പ്രധാനമന്ത്രിയായി സ്ഥാനമേറ്റ രാജീവഗാന്ധി, നിശ്ചിതതീയതിക്കു് ഏതാനും ദിവസങ്ങൾ മുമ്പുതന്നെ ഇന്ത്യൻ പാർലമെന്റിലേക്കുള്ള തെരഞ്ഞെടുപ്പു നടത്താൻ ഉത്തരവിട്ടതു്, 1984-ന്റെ അവസാനദിവസങ്ങളിൽ ജനങ്ങളുടെ ശ്രദ്ധ തെരഞ്ഞെടുപ്പിലേക്കു തിരിച്ചുവിടാനും, അതുവഴി മറ്റു രംഗങ്ങളിലെ സംഘർഷം ഒരളവോളം കുറയ്ക്കുവാനും ഉപകരിക്കുകയുണ്ടായി. തെരഞ്ഞെടുപ്പിനുശേഷം, 1985-ാമാണ്ടിന്റെ പ്രാരംഭത്തിൽ, ഉരുത്തിരിഞ്ഞുവരുന്ന ഇന്ത്യയുടെ രാഷ്ട്രീയചിത്രം എന്തായിരിക്കുമെന്നു് ഇപ്പോൾ പ്രവചിക്കുകവയ്യ. തല്ക്കാലത്തേക്കു പത്തി താഴ്ത്തിക്കിടക്കുന്ന പ്രശ്നങ്ങളെല്ലാം താമസിയാതെ ചീറിയുണർന്നു പടംവിരിച്ചു് ആടിത്തുടങ്ങുമെന്നതിലും സംശയമില്ല.

ഇന്ത്യയ്ക്കു പുറത്തു്, അന്താരാഷ്ട്രീയരംഗത്തും 1984—ാമാണ്ടു് പുതിയ പ്രതീക്ഷകൾ ഒന്നും ഉണർത്തിയിട്ടില്ല. അമേരിക്കൻ പ്രസിഡണ്ടായി റെയ്ഗൻ ബഹുഭൂരിപക്ഷത്തോടെ രണ്ടാമതും തെരഞ്ഞെടുക്കപ്പെട്ടതു് ലോകസംഘർഷത്തെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടേയുള്ളു. മദ്ധ്യ—അമേരിക്കയിലെ സോഷ്യലിസ്റ്റ് ചായ്‌വുള്ള രാജ്യങ്ങളിലാണു് റെയ്ഗന്റെ തെരഞ്ഞെടുപ്പു പെട്ടെന്നു ഭീഷണി പരത്തിയതു്. ഈ ഭീഷണി ഇനിയും യാഥാർത്ഥ്യമായിത്തീർന്നിട്ടില്ലെന്നതു് ആശ്വാസകരംതന്നെ. 1985--ന്റെ ആരംഭത്തിൽ അമേരിക്കയും റഷ്യയും തമ്മിൽ നടക്കാനിടയുള്ള നിരായുധീകരണ ചർച്ചകൾക്കു് എന്തെങ്കിലും ഫലം ഉണ്ടാകുമെന്ന പ്രതീക്ഷ ഇപ്പോഴുമില്ല.

ഇറാൻ—ഇറാക്ക് യുദ്ധം, ഇസ്രായേൽ—പാലസ്റ്റൈൻ സംഘർഷം, കമ്പൂച്ചിയയിലെ യുദ്ധാവസ്ഥ—ഇതെല്ലാം തുടരുകതന്നെയാണു്. രാഷ്ട്രങ്ങൾക്കിടയിൽ ആയുധപ്പന്തയത്തിനു് ആക്കം ഏറിവരുന്നു. ഒരു സൈനികശക്തിയെന്ന നിലയിൽ, അറബിക്കടൽ പ്രദേശത്തു് അറബിരാഷ്ട്രങ്ങൾ കൂടുതൽക്കൂടുതൽ പ്രാബല്യം നേടിക്കൊണ്ടിരിക്കുന്നു.

അഗാധമായ സാമ്പത്തികമാന്ദ്യം ലോകത്തിൽ മിക്കവാറും എല്ലാ രാജ്യങ്ങളിലുമുണ്ടു്. യൂറോപ്പിലും പശ്ചിമേഷ്യയിലുമുള്ള നാടുകളിൽ ചെന്നു വേലചെയ്തു പുലർന്നുവരുന്ന മറുനാട്ടുകാർ പൊതുവെ ചിരിച്ചുവി

ടൽഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജോലി നഷ്ടപ്പെട്ടെങ്കിലോ എന്ന ഭയം ഗൾഫ്പ്രദേശത്തുള്ള ഇന്ത്യാക്കാർക്കു പൊതുവെയുണ്ട്.

ഡെങ്ങ്സ്യാവോപിങ്ങിന്റെ നേതൃത്വത്തിൽ, ജനകീയചൈനയിൽ ശ്രദ്ധിക്കേണ്ട മാററങ്ങൾ 1984–ൽ ഉണ്ടായിട്ടുണ്ട്. ബ്രിട്ടീഷ് അധികാരം ഒഴിഞ്ഞുപോയാലും, ഹോങ്ങ്കോങ്ങിൽ ഇന്നുള്ള മുതലാളിത്ത സമ്പദ്‌വ്യവസ്ഥ അതേപടി നിലനിർത്താമെന്ന് ചൈനയിലെ കമ്യൂണിസ്റ്റ് ഗവണ്മെൻറ് സമ്മതിച്ചിട്ടുണ്ട്. വ്യത്യസ്തമായൊരു രാഷ്ട്രമെന്ന നില തൈവാൻ ഉപേക്ഷിക്കുന്നപക്ഷം, അവിടത്തെ സാമ്പത്തിക–സാമൂഹ്യ–രാഷ്ട്രീയ–വ്യവസ്ഥിതികൾ മാററമില്ലാതെ തുടരാൻ അനുവദിക്കാമെന്നും ചൈനീസ് ഭരണാധികാരികൾ പ്രഖ്യാപിച്ചിട്ടുണ്ട്. ചൈനയിൽ കൃഷിരംഗത്തു കമ്യൂണുകൾ വേണ്ടെന്നുവെക്കുകയും, സ്വകാര്യകർഷകർക്കു പ്രോത്സാഹനങ്ങൾ നടപ്പിൽ വരുത്തുകയും ചെയ്തിട്ടുണ്ട്. ചൈനീസ് വൻകരയുടെ കടൽത്തീരം ആകെ പ്രത്യേക സാമ്പത്തിക മേഖലയായി പ്രഖ്യാപിക്കുവാനും, അവിടെ മൂലധനമിറക്കി ഫാക്ടറികൾ സ്ഥാപിക്കുന്നതിനു ബഹുരാഷ്ട്രക്കുത്തകകളെയും മററു മുതലാളിത്ത സ്ഥാപനങ്ങളെയും വിദേശസർക്കാരുകളെയും ക്ഷണിക്കാനും കമ്യൂണിസ്റ്റ് ഭരണകൂടം തയ്യാറായിട്ടുണ്ട്. കേന്ദ്രത്തിലെ ആസൂത്രണം കഴിയുന്നത്ര കുറച്ച്, ഓരോ ഫാക്ടറിയെയും സ്വതന്ത്രമായി വികസിക്കാൻ വിടുകയെന്ന തത്വം ചൈനയൊട്ടുക്കു നടപ്പാക്കിവരികയാണ്. ഇതിന്റെയെല്ലാം ഫലമായി, അടുത്ത ഏതാനും വർഷങ്ങളിൽ ചൈനീസ്കമ്യൂണിസത്തിന്റെ–ലോക കമ്യൂണിസത്തിന്റെ തന്നെ മുഖച്ഛായ എങ്ങനെയൊക്കെ മാറിവരുമെന്ന് ഇപ്പോൾ ഊഹിക്കുക പ്രയാസമാണ്.

ചുരുക്കത്തിൽ പ്രതിസന്ധിയുടേതായ ഒരു വർഷമായിരുന്നു 1984; ഇന്ത്യയുടെ മാത്രമല്ല, മനുഷ്യവർഗത്തിന്റെയാകെ ചരിത്രത്തിൽ. തികച്ചും അപ്രതീക്ഷിതങ്ങളായ സംഭവവികാസങ്ങൾ ഉണ്ടാകുന്നില്ലെങ്കിൽ, 1985–ാമാണ്ട് ഏറെയൊന്നും വ്യത്യസ്തമാകാൻ വഴികാണുന്നില്ല. തുരങ്കത്തിന്റെ അററത്തെ പ്രകാശം ഇനിയും കണ്ടുതുടങ്ങിയിട്ടില്ല.

(15 ഡിസംബർ, 1984)

## 34. 1985

ശുഭപ്രതീക്ഷകളുമായാണ് 1985–ാമാണ്ട് ഇന്ത്യയിൽ പുലർന്നതു്. പ്രധാനമന്ത്രി രാജീവഗാന്ധിയുടെ പാർട്ടിക്കു സമ്മതിദായകർ നൽകിയ ആശാതീതമായ പിൻതുണ, ഉറച്ചതും കാര്യക്ഷമവുമായ ഭരണം കേന്ദ്രത്തിലുണ്ടായിരിക്കുമെന്ന വിശ്വാസത്തിനു വഴിനൽകി. പഞ്ചാബ് പ്രശ്നവും അസം പ്രശ്നവുംപോലുള്ള ആഭ്യന്തരപ്രശ്നങ്ങളിൽ അടിസ്ഥാനകാര്യങ്ങളിൽ ദൃഢതയോടെയും വിശദാംശങ്ങളിൽ വിട്ടുവീഴ്ചകൾക്കു സന്നദ്ധതയോടെയും, പുതിയ ഒരു സമീപനം ഉണ്ടാവുമെന്നും, രാഷ്ട്രത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും, ഉള്ളിൽനിന്ന് ഉയർന്നുകൊണ്ടിരിക്കുന്ന ഭീഷണികൾ അതിൻഫലമായി എന്നെന്നേക്കുമായി അസ്തമിക്കുമെന്നും പരക്കെ തോന്നലുണ്ടായി.

പ്രകൃതിയുടെ പ്രാതികൂല്യം കഴിഞ്ഞ ആണ്ടിൽ ഇന്ത്യയിൽ പരക്കെ പ്രകടമായിരുന്നുവെങ്കിലും, കേന്ദ്രഗവണ്മെൻറിന്റെ ധാന്യക്കലവറകൾ